ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ആരംഭത്തിൽതന്നെ ചെറിയ തെറ്റിദ്ധാരണയുണ്ടാക്കാനുള്ള മറുപടി പറഞ്ഞു. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മലബാറിലുണ്ട്. ഞാൻ വേറൊരു പ്രദേശത്തുള്ള ആളുകളെ കുറ്റം പറഞ്ഞില്ല. കഴിഞ്ഞ ഓണത്തിനുമുമ്പ് മൂന്നുകോടിയിൽ അധികം ഉറുപ്പിക കിട്ടിയിട്ട് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഒരു നയാ പൈസ കൊടുത്തില്ല. ഞാൻ അതിന്റെ ആക്ഷേപങ്ങൾ പറഞ്ഞില്ല. അത് ഞാനെന്റെ മാന്യതകൊണ്ടാണ് പറയാത്തത്. എനിക്ക് ചോദിക്കാനുള്ളത് അവർക്ക് കൊടുക്കാനുള്ള പൈസയിൽ ഒരു ചെറിയ പങ്ക് അവർക്ക് അടിയന്തിരമായി കൊടുത്താൽ സഹകരണ സംഘത്തിന്റെ പ്രവൃത്തി നടത്തിക്കൊണ്ടു പോകാൻ സാധിക്കും. അത് കൊടുക്കാൻ സാധിക്കുമോ? അത് കൊടുക്കാൻ സാധിക്കാത്തതിന് 2000-ലോ മറ്റോ ഒരു സംഖ്യമുണ്ടെന്നുള്ളതാണ് ഗവൺമെന്റ് ന്യായമായി പറയുന്നത്. ഹാന്റക്സ് ചർച്ച ചെയ്ത യോഗത്തിൽ അത്തരത്തിൽ ഒരു തീരുമാനം ഇല്ലല്ലോ. ഹാന്റക്സാണ് ഇത് കൈകാര്യം ചെയ്യുന്നത്. അതിൽ അങ്ങനെയൊരു തീരുമാനം കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഹാന്റക്സിൽ നിന്ന് പണം ലഭിക്കാനുള്ള സഹകരണ സംഘങ്ങൾക്ക്, കൈത്തറി സഹകരണസംഘങ്ങൾക്ക് അടിയന്തിരമായി ലഭിക്കാനുള്ള സംഖ്യയിൽ ഒരു നല്ല തുക അനുവദിച്ച് അവരുടെ വ്യവസായത്തെ, സൊസൈറ്റിയെ നടത്തിക്കൊണ്ടു പോകാനുള്ള പണം അനുവദിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 23 കോടി രൂപ ഹാന്റക്സാണ് സഹകരണ സംഘങ്ങൾക്ക് നൽകാനുള്ളത്. ഈ തുക ഗവൺമെന്റിന് മൊത്തമായി അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. പക്ഷെ ഹാന്റക്സിന്റെ ബന്ധപ്പെട്ടവരെ വിളിച്ച് ചേർത്ത് ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്.

2. പെരിയാർ റിവർ അതോറിറ്റി രൂപീകരണം

ശ്രീ. കെ. മുഹമ്മദാലി: സർ, പെരിയാറിന്റെ പ്രശ്നങ്ങൾ പല സന്ദർഭങ്ങളിലും ഈ സഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. ഇതുവരെ കാര്യമായ പരിഹാരമൊന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ 42 നദികളിൽ ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന പെരിയാർ നദി, ഇന്ന് നാശത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ നദി സംരക്ഷണത്തിനുവേണ്ടി ജില്ലാ ഭരണകൂടം നേരത്തെ വിശദമായ പഠനങ്ങളും ചർച്ചകളുമൊക്കെ നടത്തി സംസ്ഥാന ഗവൺമെന്റുവഴി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചിരുന്നു. ആ പദ്ധതിക്ക് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റാണെങ്കിൽതന്നെ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ട സന്ദർഭങ്ങളിൽ മാറി മാറി വന്ന എല്ലാ ഭരണകൂടങ്ങളും ഒരു താൽപ്പര്യവും കാണിക്കുകയുണ്ടായില്ല. ഇന്ന് പെരിയാറിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ.....അതിന്റെ പ്രധാനപ്പെട്ട പ്രശ്നം നമുക്ക് അറിയാവുന്നതുപോലെ പെരിയാർ നദിയിലാണ് ഏറ്റവും കൂടുതൽ ഡാമുകളുള്ളത്. അതുകൊണ്ടുതന്നെ നീരൊഴുക്ക് ഇല്ലാതെ വന്നതുമൂലം എപ്പോഴും മലിനീകരിക്കപ്പെടുകയാണ്. അതുമൂലം മത്സ്യത്തൊഴിലാളികളും കൃഷി ആവശ്യത്തിനുവേണ്ടിയും കുടിവെള്ളത്തിന് വേണ്ടിയും മറ്റെ ആശ്രയിക്കുന്ന ഈ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ പുഴ മലിനീകരിക്കപ്പെടുന്നതുമൂലം ഒട്ടേറെ പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന പെരിയാർ സംരക്ഷിക്കുക ഇന്ന് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പെരിയാർ നദിയുടെ സമീപത്തുള്ള പ്രദേശങ്ങൾ നഗരവത്ക്കരണംമൂലം അഴുക്കു ചാലുകൾ എല്ലാം തന്നെ പെരിയാറിലേക്ക് തുറക്കുകയാണ്. ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഗംഗാനദി ശുചീകരണ പദ്ധതി പോലെ തന്നെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദിയായ പെരിയാറിനുവേണ്ടിയുള്ള ഒരു പദ്ധതിക്ക് അനുമതി ലഭിക്കാൻവേണ്ടി ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്. പക്ഷേ എന്തുകൊണ്ടോ നദീസംരക്ഷണ പദ്ധതിയിൽ പെരിയാറിനെ സംരക്ഷിക്കാൻ വേണ്ടിയുള്ള സഹായം ലഭിക്കുകയുണ്ടായില്ല. ഏറ്റവും മുൻഗണന നൽകേണ്ടത് പെരിയാറിനുതന്നെ ആയിരുന്നു. ഏതായാലും സംസ്ഥാന ഗവൺമെൻറ് ഈ വൈകിയ വേളയിലാണെങ്കിലും ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന പദ്ധതികൾ പെരിയാറിലാണ് സ്ഥിതിചെയ്യുന്നത്. ഏറ്റവും കൂടുതൽ ഇറിഗേഷൻ പദ്ധതികൾ സ്ഥിതി ചെയ്യുന്നതും പെരിയാറിലാണ്. അതുപോലെതന്നെ വ്യവസായ ആവശ്യങ്ങൾ കേരളത്തിലെ വലുതും ചെറുതുമായ പൊതുമേഖല ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾ നിലനിൽക്കുന്നതുതന്നെ പെരിയാറിന്റെ സാന്നിധ്യം കൊണ്ടാണ്. ഇത്രയേറെ ഗൗരവമുള്ള ഈ പ്രശ്നത്തെ ഗവൺമെൻറ് വളരെ ലാഘവത്തോടുകൂടി കാണാതെ അതിനൊരു പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ ഉണ്ടാകണം. അടിയന്തിരമായി പെരിയാറിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും പെരിയാറിന്റെ സംരക്ഷണം ഉറപ്പു വരുത്താനും പെരിയാറിലെ മലിനീകരണം തടയുവാനും കഴിയുന്ന നിലയിൽ അതിന് ഉത്തമവാദിത്വമുള്ള, അധികാരമുള്ള, പൂമതലയുള്ള ഒരു പെരിയാർ റിവർ അതോറിറ്റി അടിയന്തിരമായി രൂപീകരിക്കണം എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവവും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പെരിയാറിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. ഈ പുഴ നശിക്കുന്നതിനെതിരെ നടപടി എടുക്കണം എന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ആലുവയിൽവച്ച് മംഗലപ്പുഴ, വരാപ്പുഴ എന്നിങ്ങനെ രണ്ട് കൈവഴികളിലായി പിരിയുകയും മംഗലപ്പുഴ പാലക്കാടി പുഴയുമായി ചേർന്ന് അറബിക്കടലിൽ പതിക്കുകയും ചെയ്യുന്ന ഒരു രൂപത്തിലാണ് ഇതിന്റെ സ്ഥിതി. വേനൽക്കാലത്ത് അഴിമുഖത്തുനിന്ന് ഉപ്പുവെള്ളം കയറുന്ന പ്രശ്നമുണ്ട്. ഇത് തടയുന്നതിനായി പ്രധാനപ്പെട്ട കൈവഴികളിൽ പുറപ്പുള്ളിക്കരവിലും പാതാളത്തും എല്ലാ വർഷവും താൽക്കാലിക ബണ്ട് നിർമ്മിക്കുന്നുണ്ട്. പാതാളത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. മഞ്ഞുമ്മൽ എന്ന സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിച്ച് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി ഗവൺമെന്റ് ഈ അടുത്ത കാലത്തുതന്നെ എടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഓപ്പൺ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാതാളത്തും ഇതുതന്നെ ചെയ്യും. അതിനുള്ള നടപടികൾ ക്രമത്തിൽവന്നു നിൽക്കുകയാണ്. മലയാറ്റൂർ മുതൽ താഴെയ്ക്ക് ആറ് പഞ്ചായത്തുകളിലും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലുമായി 46 കടവുകൾവഴി മണൽ വാരൽ നടക്കുന്നുണ്ട്. അനധികൃത മണൽ വാരൽ തടയുന്നതിന് കേരള നദീ സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. മണൽ വാരലിനെക്കുറിച്ചുള്ള പരാതികൾ അവിടെ ധാരാളം വരുന്നുണ്ട്. പെരിയാറിന്റെ ഇരുകരകളിലുമുള്ള വീടുകൾ, മാർക്കറ്റുകൾ, ആശുപത്രികൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള പല തരത്തിലുള്ള മാലിന്യങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതായി പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. നദീതീരത്തുള്ള വ്യവസായ ശാലകൾ സംസ്ക്കരിക്കാത്ത മലിന ജലവും അഫ്ലുവന്റ്സും നദിയിലേയ്ക്ക് തുറന്നുവിടുന്നതായി പരാതിയുണ്ട്. കളമശ്ശേരി-ഏലൂർ മേഖലയിലാണ് ഇത്തരം മലിനീകരണം നടക്കുന്നത്. നദികളുടെ മലിനീകരണം നിയന്ത്രിക്കുന്നതിനായി വാട്ടർ പ്രിസർവേഷൻ-കം-കൺട്രോൾ ഓഫ് പോല്യൂഷൻ ആക്ട് നിലവിലുണ്ടെങ്കിലും ഇതുപോലെയുള്ള നടപടികൾ തുടർന്ന് വരികയാണ്. ഇക്കൂട്ടത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്. നമ്മുടെ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്ന കുടി വെള്ളം മലിനപ്പെടുത്തുന്നതിന് മനഃപൂർവ്വം ശ്രമിക്കുന്ന ആളുകൾക്കെതിരായി മറ്റ് നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചു വരികയാണ്. ഇപ്പോൾ റിവർ അതോറിറ്റി ഓഫ് കേരള രൂപീകരിക്കണമെന്നുള്ള ജനറലായിട്ടുള്ള ഒരു അണ്ടർ സ്റ്റാന്റിംഗിൽ എത്തിയിട്ടുണ്ട്. എങ്കിൽപ്പോലും ഇപ്പോൾ പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനുവേണ്ടി ഇവിടെയും ഒരു റിവർ അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ആവശ്യം വന്നിട്ടുണ്ട്. ആ നടപടിയും ഏറെക്കുറെ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. മുഹമ്മദാലി ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ സുപ്രധാനമായ പെരിയാറിനെ സംരക്ഷിക്കുന്നതിനുവേണ്ടി പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്.

<u>ശ്രീ. കെ. മുഹമ്മദാലി</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചു എന്നു പറഞ്ഞു. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്ന ഒരു കാര്യം നേരത്തെ ഉപ്പുവെള്ളം കയറുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. കൊച്ചിൻ റിഫൈനറിയുടെ സഹായത്തോടുകൂടിയാണ് നമ്മുടെ റെഗുലേറ്റർ-കം-ബ്രിഡ്ജ് മഞ്ഞുമ്മലിൽ സ്ഥാപിച്ചത്. അതുപോലെ പാതാളത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുവാൻ വേണ്ടി അവർ സഹായിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ കാലതാമസംമൂലം ഇപ്പോഴും

അതിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന കൂടിവെള്ള പദ്ധതി..... ഇപ്പോൾതന്നെ കൊച്ചി മേഖല കൂടിവെള്ളത്തിന്റെ കാര്യത്തിൽ നട്ടം തിരിയുകയാണ്... നിലനിൽക്കുന്ന സ്ഥലത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ടിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത്. പക്ഷെ പെരിയാറിനെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നങ്ങൾ ഇവിടെ ജില്ലാ ഭരണകൂടം ചർച്ചചെയ്ത് വിശദമായ പഠനങ്ങൾ നടത്തി സംസ്ഥാന ഗവൺമെന്റ് വഴി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതി അനുസരിച്ച് കേരളത്തിലെ നദികൾക്ക് ന്യായമായി ലഭിക്കേണ്ട സഹായത്തിൽ കേരളത്തിലെ പെരിയാറിനാണ് ഏറ്റവും മുൻഗണന. അത് വാങ്ങിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വളരെ താൽപ്പര്യമെടുത്തുകൊണ്ട് നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാന ഗവൺമെന്റ് നടപടിയെടുക്കാത്തതിന്റെ പ്രശ്നമല്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഏത് സ്കീം ഉണ്ടെങ്കിലും ആ സ്കീമിൽ സുപ്രധാനമായ ഒരു പങ്ക് സംസ്ഥാന ഗവൺമെന്റിന് കിട്ടാറുണ്ട്. അത് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിൽ പുതിയ എന്തെങ്കിലും പദ്ധതികൾ വന്നിട്ടുണ്ടെങ്കിൽ അതിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തും. നേരത്തെ പാതാളത്തെ പ്രോജക്ടിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പാതാളത്തെ പ്രോജക്ടിന് ടെൻഡർ കമ്മിറ്റിയുടെ അപ്രൂവൽ കിട്ടാത്ത താമസമുണ്ട്. കിട്ടിക്കഴിഞ്ഞാൽ അതിന്റെ നടപടികളിലേക്ക് പോകുന്നതാണ്.

IV. സബ്മിഷൻ

(1) ഭൂജല നിയന്ത്രണ ആക്ട് 2002 അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ 2 പ്രദേശങ്ങളിലാണ് വെള്ളം ഓവർ എക്സ്പ്ലോയിറ്റ് ചെയ്യുന്നതെന്ന് ഗവൺമെന്റ് തന്നെ രൂപവൽക്കരിച്ച The Dynamic Ground Water Resources of Kerala എന്ന സ്ഥാപനം അതുസംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ പറയുന്നു. അങ്ങനെ over exploited ആയിട്ട് പ്ലാച്ചിമടയിലെ വെള്ളം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ആ കമ്മിറ്റി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് രൂപവൽക്കരിച്ച കമ്മിറ്റിയാണ് ദീർഘകാലത്തെ പഠനത്തിനുശേഷം ഈ റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമടയിൽ ഓവർ എക്സ്പ്ലോയിറ്റഡായിട്ട് വെള്ളം ചൂഷണം ചെയ്യുകയാണെന്ന് ആ കമ്മിറ്റിയുടെ പഠനത്തിൽ തെളിഞ്ഞിരിക്കുകയാണ്. അങ്ങനെ റിപ്പോർട്ട് വന്നതിനുശേഷം ഇപ്പോൾ 4

LIBRARY ARCHIVES Kerala Legislative Assembly